(ഡി) (i) വ്യാജമരുന്ന് നിർമ്മിച്ച് വിതരണം ചെയ്തതിനെതിരെ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ii) നിശ്ചിത ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്തതിനും മായം കലർന്ന മരുന്ന് നിർമ്മിച്ച് വിൽപ്പന നടത്തിയതിനും 32 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.)†

വ്യാജമരുന്നുകളുടെ വിൽപ്പന

*2 [371] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

,, *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഷോപ്പുകൾവഴി വ്യാജമരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വ്യാജമരുന്നുവിൽപ്പന പരിശോധിക്കുന്നതിനായി എത്ര ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്;

(ഡി) ഇവരുടെ സേവനം ഫലപ്രദമായി പ്രയോജനപ്പെടുന്നുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ,

(എ) വ്യാജമരുന്നുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ ഇവ വിറ്റതായ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജമരുന്നായി സംസ്ഥാനത്ത് ആകെ കണ്ടുപിടിച്ചത് ഒരെണ്ണം മാത്രമാണ്. ഇത് ആന്ധ്രാപ്രദേശിലെ മെട്രോ ഫാർമ എന്ന കമ്പനി നിർമ്മിച്ച് വിതരണം ചെയ്ത എം.ലൈഡ് (Nimesulide) എന്ന മരുന്നാണ്. ഈ മരുന്ന് കേരളത്തിൽ വിൽപ്പന നടത്തിയ മൊത്തവ്യാപാരിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, ആലുവായിലുള്ള പല്ലവി ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനം നിർമ്മിച്ച് സർക്കാരാശുപത്രികളിലേക്ക് വിതരണത്തിന് നൽകിയ ടർപന്റയിൻ ഓയിൽ എന്ന മരുന്നിനുപകരം ഫോർമൽ ഡീഹൈഡ് സൊലൂഷൻ (Formal Dehyde Solution)

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ചേർത്തതായി കണ്ടുപിടിച്ചിട്ടുണ്ട്. ഇതിനെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാലാവധി കഴിഞ്ഞ മരുന്നുകൾ വിറ്റതിന് 4 കേസുകൾ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്:

1. കൊടിത്തറ മെഡിക്കൽസ്, നാലാഞ്ചിറ.
2. മേഴ്സി ഫാർമസ്യൂട്ടിക്കൽസ്, തൃശ്ശൂർ.
3. സ്വരാജ് മെഡിക്കൽസ്, അടിമാലി.
4. പ്രശാന്ത് മെഡിക്കൽസ്, ചെറുപുഴ.

(സി) 47 ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വ്യാജമരുന്നുകൾ

*3 [372] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകളിൽ വ്യാപകമായി മായം ചേർക്കുന്നതും വ്യാജ മരുന്നുകൾ വിറ്റഴിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്ന് തീവണ്ടിമാർഗ്ഗവും മറ്റ് ചരക്കുഗതാഗത മാർഗ്ഗത്തിലൂടെയും വ്യാജമരുന്നുകൾ വൻതോതിൽ സംസ്ഥാനത്തെത്തിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യാജമരുന്നുകളുടെ ഉറവിടം കണ്ടെത്തി ഇത്തരം പ്രവണതകൾ കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):* സർ,

(എ) & (ബി) ഇല്ല. വ്യാജമരുന്നായി സംസ്ഥാനത്ത് ആകെ കണ്ടുപിടിക്കപ്പെട്ടത് ഒരെണ്ണം മാത്രമാണ്. ഇത് ആന്ധ്രാപ്രദേശിലെ കറ്റേടൻ എന്ന സ്ഥലത്തെ മെട്രോ ഫാർമ എന്ന കമ്പനി നിർമ്മിച്ച് വിതരണം ചെയ്ത എം.ലൈഡ് എന്ന മരുന്ന്, ബാച്ച് നമ്പർ 050 ആണ്. എറണാകുളത്തെ 'മോഹൻ ഡ്രഗ് ഹൗസ്' എന്ന സ്ഥാപനത്തിൽ നിന്ന് എടുത്ത സാമ്പിൾ പരിശോധിച്ചപ്പോഴാണ് ഇത് കണ്ടുപിടിച്ചത്. മരുന്നു

LIBRARY ARCHIVES Kerala Legislative Assembly